# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.ഐശ്വര്യ എ കെ ,PEN:1006175,അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.കാരണം കാണിക്കൽ നോട്ടീസ് നം DHS/5171/2026-EA3 Dated :18.03.2025

2.ഡോ.ഐശ്വര്യ എ കെ സമർപ്പിച്ച അപേക്ഷ തീയതി:01.04.2026

## ഉത്തരവ് നം.DHS/5171/2026-EA3 തീയതി.03-06-2026

ഡോ.ഐശ്വര്യ എ കെ ,PEN:1006175,അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഇടുക്കി രാജാക്കാട് കുടുംബാരോഗ്യകേന്ദ്രത്തിൽ 24.03.2025 ന് ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച വ്യക്തിയാണ്. തുടർന്ന് പിജി പഠനം പൂർത്തിയാക്കുന്നതിനായി 04.04.2025 മുതൽ 21.10.2025 വരെ ശൂന്യവേതനാവധി അപേക്ഷ നൽകി സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു. എന്നാൽ ഡോ.ഐശ്വര്യ എ കെ 21.10.2025 വരെയുള്ള പിജി ഉപരിപഠനത്തിനുശേഷം സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടില്ല .

(2).ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം നോട്ടീസ് നൽകി.

(3).പ്രസ്തുത നോട്ടീസിന് പരാമർശം (2) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. പിജി കോഴ്സ് ന്റെ പരീക്ഷയായതിനാലും ,പിജി കോഴ്സ് കഴിഞ്ഞു സീനിയർ റെസിഡൻസി ക്കു പോകേണ്ടതിനാലും ആണ് **21.10.2025** നുശേഷം സേവനത്തിൽ പ്രവേശിക്കുവാൻ അപേക്ഷ നൽകാതിരുന്നത് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കാരണം കാണിക്കൽ നോട്ടീസ്-നു നൽകിയ മറുപടി തൃപ്തികരമല്ല .ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

**(4)** ടി സാഹചര്യത്തിൽ **22.10.2025** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.ഐശ്വര്യ എ കെ ,**PEN:1006175**,അസിസ്റ്റന്റ് സർജൻ ന്റെ വർക്ക് ആൻ്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(5).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ.ഐശ്വര്യ എ കെ ,**PEN:1006175**,അസിസ്റ്റന്റ് സർജൻ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 03-06-2026
22:21:49

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

**Dr.Aiswarya A K**

**Nandanam**

**Kizhakumkara**

**Kulathoor P.O**

**Thiruvananthapuram**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),ഇടുക്കി
3. മെഡിക്കൽ ഓഫീസർ കുടുംബാരോഗ്യകേന്ദ്രം രാജാക്കാട് ഇടുക്കി

   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ